**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3360** **11-03-2025 - ൽ മറുപടിയ്ക്ക്**

**കഴക്കൂട്ടം മണ്ഡലത്തിലെ പട്ടയ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, കഴക്കൂട്ടം മണ്ഡലത്തിൽ വിതരണം ചെയ്തതും ഇനി വിതരണം ചെയ്യാനുള്ളതുമായ പട്ടയങ്ങൾ സംബന്ധിച്ച വിവരം വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, കഴക്കൂട്ടം മണ്ഡലത്തിൽ പല വിഭാഗങ്ങളിലായി 86 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. വരാനിരിക്കുന്ന പട്ടയമേളയിൽ 5 പട്ടയങ്ങൾ കൂടി വിതരണം ചെയ്യാൻ തയ്യാറായിട്ടുണ്ട്. ടി മണ്ഡലത്തിൽ നിലവിൽ 140-ഓളം പട്ടയ അപേക്ഷകളിൽ നടപടി സ്വീകരിക്കാനുണ്ട്. |
| (ബി) | മുഴുവൻ അപേക്ഷകർക്കും സമയബന്ധിതമായി പട്ടയം വിതരണം ചെയ്യുമോ എന്ന് വിശദമാക്കാമോ; | (ബി) | 140 പട്ടയ അപേക്ഷകളിൽ, 124 പട്ടയ അപേക്ഷകൾ പട്ടയ ഡാഷ്ബോർഡിൽ ഉൾപ്പെട്ടവയാണ്. ആയതിൽ കടകംപള്ളി വില്ലേജിൽ കാട് പുറമ്പോക്കിൽ ഉൾപ്പെട്ട 42 അപേക്ഷകൾ ഇനം മാറ്റി പതിച്ച് നൽകുന്നതിനായി ശിപാർശ ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന സർക്കാരിലേക്ക് സമർപ്പിച്ചിട്ടുള്ളതും, ബാക്കി ഡാഷ്ബോർഡിൽ ഉൾപ്പെട്ട അപേക്ഷകൾ ശിപാർശയും മറ്റ് അനുബന്ധ രേഖകളും ലഭ്യമാക്കി സർക്കാരിലേക്ക് സമർപ്പിക്കുന്നതാണെന്നും ഡാഷ്ബോർഡിൽ ഉൾപ്പെട്ടിട്ടില്ലാത്ത 16 അപേക്ഷകളിൽ ഭൂമി പതിവ് ചട്ടം പ്രകാരമുള്ള അർഹതയും മറ്റു മാനദണ്ഡങ്ങളും പരിശോധിച്ച് സമയബന്ധിതമായി പട്ടയം വിതരണം ചെയ്യുന്നതാണ് എന്ന് ലാൻഡ് റവന്യൂ കമ്മീഷണർ അറിയിച്ചിട്ടുണ്ട്.<br><br>കടകംപള്ളി വില്ലേജിലെ ഭൂമിയുമായി ബന്ധപ്പെട്ട് നിരവധി പ്രശ്നങ്ങളുള്ളതിനാലും സമഗ്രവും, വിശ്വസനീയവുമായ ഭൂരേഖകൾ ഇല്ലാത്തതിനാലും ഡിജിറ്റൽ സർവ്വേ പൂർത്തിയാക്കിയ ശേഷം മാത്രമേ പരിഗണിക്കാൻ കഴിയുകയുള്ളൂ എന്ന് ലാൻഡ് റവന്യൂ കമ്മീഷണറെ അറിയിച്ചിട്ടുള്ളതാണ്. |
| (സി) | ഉള്ളൂർ വില്ലേജ് പോങ്ങുംമൂട് പമ്പ് ഹൗസിന് സമീപം പട്ടയത്തിന് അപേക്ഷിച്ചിട്ടുള്ള കുടുംബങ്ങൾക്ക് | (സി) | ഉള്ളൂർ വില്ലേജ് പോങ്ങുംമൂട് പമ്പ് ഹൗസിന് സമീപമുള്ള 13 ഭൂമി പതിവ് അപേക്ഷകൾ പരിശോധിച്ചതിൽ, പതിവിനാസ്പദമായിട്ടുള്ള ടി ഭൂമികൾ റവന്യൂ |

| | | | |
|---|---|---|---|
| | എപ്പോൾ പട്ടയം നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | | റിക്കാർഡുകൾ പ്രകാരം റോഡ് പുറമ്പോക്കായിട്ടുള്ളതും, ടി റോഡ് സ്റ്റേറ്റ് ഹൈവേ അതോറിറ്റിയുടെ കീഴിൽ വരുന്നതുമാണ്. ആയതിൽ 11 അപേക്ഷകൾ സർവ്വെ നടപടിയ്ക്കായി താലൂക്ക് സർവെയർക്ക് കൈമാറിയിട്ടുള്ളതും 2 അപേക്ഷകളിൽ പതിവ് ശിപാർശ ലഭ്യമാക്കുന്നതിന് വില്ലേജ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. ടി 13 അപേക്ഷകളിന്മേൽ, ഭൂമി പതിവ് ശിപാർശയും, മറ്റ് അനുബന്ധ രേഖകളും സർക്കാരിൽ സമർപ്പിച്ച് , പ്രത്യേക ഉത്തരവ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതാണ് എന്ന് ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് |
| (ഡി) | ആറ്റിപ്ര വില്ലേജിൽ വി.എസ്.എസ്.സി-ക്ക് സമീപം പട്ടയത്തിന് അപേക്ഷിച്ചിരിക്കുന്നവർക്ക് എപ്പോൾ പട്ടയം നൽകുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ? | (ഡി) | പട്ടയത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ള ആറ്റിപ്ര വില്ലേജിലെ 14 അപേക്ഷകളിലും നടപടി സ്വീകരിച്ചിട്ടുണ്ട്. പതിവിനാസ്പദമായിട്ടുള്ള ഭൂമികൾ വി.എസ്.എസ്.സി-യ്ക്ക് സമീപം സ്ഥിതി ചെയ്യുന്നതിനാൽ, വി.എസ്.എസ്.സി-യുടെ കൈവശത്തിലുള്ള ഭൂമി സംബന്ധിച്ച രേഖകൾ ഹാജരാക്കാൻ വി.എസ്.എസ്.സി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ഉടനടി ലഭ്യമാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ